**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **16-03-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ വിവിധ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകളും അവയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിക്ക് സർക്കാർ ഉത്തരവ് (സാധാ) നം. 1836/2020/ആ.കു.വ, തീയതി 08.10.2020 പ്രകാരം കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 13.64കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ എസ്.പി.വി KITCO ആണ്. നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. ലക്ഷ്യ പദ്ധതി പ്രകാരം മെറ്റേർണിറ്റി യൂണിറ്റിന്റെ നിർമ്മാണം NHM മുഖേന 5 ലക്ഷം രൂപ ചെലവിൽ നടന്നു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ട്രസ്സ് വർക്കിന് MLA ഫണ്ടിൽ നിന്നും 98 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത തുക ഉപയോഗിച്ച് Operation Theatre Block-ന്റെ ട്രസ്സ് വർക്ക്, നിലവിലുള്ള OP Block, Casualty block എന്നിവയുടെ നവീകരണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1,50,00,000 രൂപ (ഒരു കോടി എൻ.എച്ച്.എം ഫണ്ട്, അമ്പത് ലക്ഷം എൽ.എസ്.ജി.ഡി ഫണ്ട്) അനുവദിച്ചിട്ടുണ്ട്. അതിന്റെ ടെൻഡർ നടപടി തുടങ്ങിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഈ ആശുപത്രിയിൽ വിവിധ പദ്ധതികൾക്കായി സമർപ്പിച്ചതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ വിശദമായ പദ്ധതിക്ക് വേണ്ടി അംഗീകൃത ഏജൻസി മുഖേന മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കൂടാതെ LSGD മുഖേന കുടിവെള്ള പദ്ധതി, സോളാർ പാനൽ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നം. | പ്രവൃത്തി | ഫണ്ട് വിവരങ്ങൾ | പുരോഗതി സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | STP Work | 1 കോടി 50 ലക്ഷം (1 കോടി എൻ.എച്ച്.എം.ഫണ്ട് 50 ലക്ഷം എൽ.എസ്. ജി. ഡി ഫണ്ട്) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 2 | ECRP സെക്കന്റ് ഫേസ് | 2,22,88,000/- എൻ.എച്ച്.എം.ഫണ്ട് | വർക്ക് ഓർഡർ നൽകാനുള്ള നടപടികൾ നടന്നു വരുന്നു. |
| 3 | ലക്ഷ്യ | 5 ലക്ഷം (എൻ.എച്ച്. എം. ഫണ്ട്) | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 4 | കാഷ്വാലിറ്റി ബ്ലോക്ക് | 13.64 കോടി (KIIFB) | പ്രവൃത്തി ആരംഭിച്ചിട്ടില്ല. KITCO ഏജൻസിയാണ് പ്രവൃത്തി നടത്തുന്നത് |
| 5 | ട്രസ്സ് വർക്ക് | 98 ലക്ഷം എം.എൽ.എ ഫണ്ട് | പ്രവൃത്തി തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ